കേരളസർക്കാർ

നം.55505/എസി1/08/തസ്വഭവ.

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്,
തിരുവനന്തപുരം, തീയതി:02.04.13.

## സർക്കുലർ

വിഷയം:- എൽ.എഫ്.എ.സി - റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നതു -സംബന്ധിച്ച്.

സൂചന: - 25.2.13-ലെ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഇ 2/3443/2008 നമ്പർ കത്ത്.

കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ടുകൾ, എന്നിവ സംബന്ധിച്ച് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടുകളിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക രണ്ടു മാസത്തിനകം സമിതി മുൻപാകെ സമർപ്പിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഒട്ടു മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും വസ്തുനിഷ്ഠവും അന്തിമവുമായ മറുപടി സർക്കാരിൽ നൽകി വരുന്നില്ല. ആയതിനാൽ നിയമസഭാ സമിതിയ്ക്ക് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ മറുപടി നൽകുവാൻ സാധിക്കാതെ വരികയും സമിതി ഇതു സംബന്ധിച്ച് കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു വരുന്നു.

ഈ സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും വസ്തുനിഷ്ഠവും അന്തിമവുമായ മറുപടി ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട പ്രൊഫോർമയിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് വകുപ്പദ്ധ്യക്ഷൻമാർ ഉറപ്പുവരുത്തേണ്ടതാണ്.

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.

ഐ ആന്റ് പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.